10% ൽ അധികരിക്കാത്ത തുക ടി ഫണ്ടിലേക്ക് മാറ്റുന്നതിന് ബഹു. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ അനുവാദം ലഭിച്ചിട്ടുണ്ട്. കൂടാതെ അംഗങ്ങളിൽ നിന്നും ലഭിക്കുന്ന സംഭാവനകളും ഇതിനായി ഉപയോഗിക്കുന്നതാണ്.

6. ഈ ഉപനിബന്ധനകൾ പ്രകാരം മാരകരോഗങ്ങൾ ബാധിച്ച് ചികിത്സയ്ക്ക് വിഷമിക്കുന്ന അംഗങ്ങളെയും കുടുംബത്തെയും സഹായിക്കുന്നതിനായി ചികിത്സാ വേളയിൽ ഫണ്ടിന്റെ ലഭ്യതയും രോഗത്തിന്റെ ഗൗരവവും കണക്കിലെടുത്ത് 50,000/- (അമ്പതിനായിരം) രൂപാ വരെ ചികിത്സാസഹായം നൽകാവുന്നതാണ്.

7. മാരകരോഗങ്ങൾ എന്ന് സ്ഥിരീകരിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അംഗത്തിന്റെ അപേക്ഷയിന്മേൽ സംഘം ഭരണസമിതിയാണ് ഗുണഭോക്താവിനെ തെരഞ്ഞെടുക്കുക. കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

8. ഒരംഗത്തിന് സാധാരണഗതിയിൽ മൂന്നുവർഷത്തിൽ ഒരിക്കൽ മാത്രമേ ഇത്തരം സാമ്പത്തിക സഹായം ലഭിക്കുകയുള്ളു എന്നാൽ സഹായത്തിനായി അപേക്ഷകൾ ഇല്ലാതിരിക്കുകയും ഫണ്ട് ലഭ്യത ഉണ്ടായിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ രണ്ടു പ്രാവശ്യംവരെ തുക ലഭിക്കുന്നതിന് രോഗത്തിന്റെ ഗൗരവം കണക്കിലെടുത്ത് അർഹതഉണ്ടായിരിക്കും.

9. സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായി ഈ വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതി ജോയിന്റ് രജിസ്ട്രാറുടെ മുൻ അംഗീകാരത്തിനു വിധേയമായി നടപ്പിൽ വരുത്തുന്നതിന് ഭരണസമിതിക്ക് അധികാരമുണ്ടായിരിക്കും